# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1603** **05.02.2019-ൽ മറുപടിയ്ക്ക്**

## പാർപ്പിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | വിവിധ സർക്കാർ ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുകയും എന്നാൽ വീട് പണി പൂർത്തിയാക്കാൻ കഴിയാത്തതുമായ എത്ര വീടുകളാണ് നിലവിലെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്നതെന്ന് അറിയിക്കാമോ; | എ | ലൈഫ് മിഷൻ ഭവന പദ്ധതിക്കു വേണ്ടി 2017-ൽ കുടുംബശ്രീ മുഖേന മിഷൻ മാനദണ്ഡപ്രകാരം നടത്തിയ സർവ്വേയിൽ 2001 മുതൽ വിവിധ പദ്ധതികളിലായി സാമ്പത്തിക സഹായം ലഭിച്ചെങ്കിലും വീടുപണി പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന 63692 വീടുകൾ ഉ ണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി | ഇത്തരം വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | ബി | 2001 മുതൽ വിവിധ പദ്ധതികളിലായി പൂർത്തീകരിക്കുവാനുണ്ടായിരുന്ന 63692 വീടുകളുടെ പൂർത്തീകരണം ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുകയും ഇവയുടെ എല്ലാം പൂർത്തീകരണത്തിനുള്ള യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഏകീകരിക്കുകയും ചെയ്തു. ഇപ്രകാരം യൂണിറ്റ് കോസ്റ്റ് ഏകീകരിച്ചത് മൂലം 4 ലക്ഷം രൂ പ യുടെ ആനുപാതിക വർദ്ധനവ് എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമായി. ഇത് മുടങ്ങിക്കിടന്ന വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും 49846 |

| | | | |
|---|---|---|---|
| | | | വീടുകൾ പൂർത്തീകരിക്കുന്നതിനും സഹായകരമായി. |
| **സി** | ഇത്തരത്തിലുള്ള എത്ര വീടുകൾക്കാണ് ഇപ്പോൾ ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും ഇവയിൽ എത്ര വീടുകൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ? | **സി** | വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആകെയുണ്ടായിരുന്ന 63692 വീടുകളിൽ വിവിധ കാരണങ്ങളാൽ ലിസ്റ്റിൽ നിന്നും ഒഴിവായ 9584 ഗുണഭോക്താക്കൾ (ഉടമസ്ഥൻ സ്ഥലത്ത് ഇല്ലാത്തത്, ഗുണഭോക്താവിന് മാരക രോഗം ബാധിച്ചത്, അസുഖം ബാധിച്ച് ആശുപത്രിയിലുള്ളവർ, കുടുംബ പ്രശ്നങ്ങൾ, തീർത്തും താൽപര്യമില്ലാത്തവർ, വസ്തു സംബന്ധിച്ച തർക്കങ്ങൾ ഉള്ളവർ തുടങ്ങിയവർ) ഒഴികെ 54098 ഗുണഭോക്താക്കളിൽ 49846 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം (92.14%) നാളിതുവരെ പൂർത്തീകരിച്ചു കഴിഞ്ഞു. വീടുപണി പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 54098 ഗുണ ഭോക്താക്കൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വർദ്ധിപ്പിച്ച നിരക്ക് പ്രകാരമുള്ള ധനസഹായം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**